പതിമൂന്നാം കേരള നിയമസഭ

(പതിനാലാം സമ്മേളനം)

I.T

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 301 13/07/2015-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിക്കുവാൻ പദ്ധതികൾ

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. ജോസഫ് വാഴയ്ക്കൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളിൽപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 9173 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചു. കൂടാതെ ഭവന രഹിതരായ 5000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി 100 കോടി രൂപയുടെ പ്രത്യേക ഭവന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. ഭൂരഹിതരും ഭവന രഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താമസിക്കുന്നതിന് ഫ്ളാറ്റ് നിർമ്മിക്കാനായി 2014-15 സാമ്പത്തിക വർഷം 48.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി വലിയതുറയിൽ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മറ്റു സ്ഥലങ്ങളിൽ ഫ്ളാറ്റ് നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | **ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;** | (ബി) | പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും അതാത് വർഷം തന്നെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ആവശ്യാനുസരണം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് യഥാസമയം അനുവദിച്ചു നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ മോണിറ്ററിംഗ് സർക്കാർ തലത്തിലും ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിലും നടത്തി വരുന്നു. |
| (സി) | **മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?** | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ അനുവദിച്ച 9173 വീടുകളിൽ ഇതുവരെ 6672 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളിലാണ്. ഈ വർഷം വിവിധ പദ്ധതികളിൻ കീഴിൽ 5000 വീടുകൾ കൂടി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃ തിരഞ്ഞെടുപ്പും കഴിഞ്ഞ് ഭവന നിർമ്മാണം ജില്ലകളിൽ ആരംഭിച്ചുകഴിഞ്ഞു. |

**സെക്ഷൻ ആഫീസർ**